"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം കടുത്തുരുത്തി, കുറിച്ചിയപറമ്പിൽ ശ്രീ. ജൂബിജോർജ്.കെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി തീർപ്പാക്കിയും WP(C) No. 8510/2026 നമ്പർ കേസിലെ 05/03/2026-ലെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.616/2026/ID തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ 27/10/2025 ലെ 186/2025-26/DOKOT-DMG/484/2025-G2 നമ്പർ നടപടിക്രമം.
2. 17/01/2026 ലെ സ.ഉ 56/2026-വ്യവ നമ്പർ സർക്കാർ ഉത്തരവ്
3. ശ്രീ. ജൂബി ജോർജ്.കെ സമർപ്പിച്ച 05/02/2026 ലെ രണ്ടാം അപ്പീൽ അപേക്ഷ
4. ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 8510/2026 നമ്പർ കേസിലെ 05/03/2026-ലെ വിധിന്യായം
5. കടുത്തുരുത്തി പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, (PWD Road Sub Division)-ടെ 14/5/2026-ലെ സാക്ഷ്യപത്രം
6. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 21/5/2026-ലെ ഡി.എംജി/8/2026-എം2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

വൈക്കം താലൂക്കിൽ കടുത്തുരുത്തി വില്ലേജിൽ വെള്ളാശ്ശേരി കരയിൽ കുറിച്യാപറമ്പിൽ ജോർജ് മകൻ ജൂബി ജോർജിന്റെ കൈവശത്തിലിരിക്കുന്നതും, ടി വില്ലേജിലെ ബ്ലോക്ക് നം.28, തണ്ടപ്പേർ നം.2831, റീസർവ്വേ നം.520/7-ൽ പെട്ടതുമായ 21.50 ആർ വസ്തുവിൽ നിന്നും, ബൈപ്പാസ് നിർമ്മാണ ആവശ്യത്തിലേയ്ക്ക് മണ്ണ് നീക്കം ചെയ്തിട്ടുള്ളതും കരിങ്കല്ല് പൊട്ടിച്ച് കൂട്ടിയിട്ടിട്ടുള്ളതായും കടുത്തുരുത്തി വില്ലേജ് ആഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് 41 മീറ്റർ നീളത്തിലും. 29 മീറ്റർ വീതിയിലും ശരാശരി 2.5 മീറ്റർ താഴ്ചയിലുമായി ആകെ 2972.5 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്തിട്ടുള്ളതായും 120 ക്യൂബിക് മീറ്റർ കരിങ്കല്ല് പൊട്ടിച്ച് കൂട്ടിയിട്ടിട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയ ധാതുവിന്റെ റോയൽറ്റിയും വിലയും 1957-ലെ മൈൻസ് & മിനറൽസ് (ഡെവലപ്പ്മെന്റ് ആന്റ് റഗുലേഷൻസ്) ആക്ടിലെ സെക്ഷൻ 21(5), 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108(2) എന്നിവ പ്രകാരം സ്ഥലം ഉടമയിൽ നിന്നും സർക്കാരിലേക്ക് ഈടാക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് കോട്ടയം ജിയോളജിസ്റ്റിന്റെ പരാമർശം(1) നടപടിക്രമത്തിനെതിരെ ശ്രീ. ജൂബി ജോർജ്.കെ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 03/01/2026 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, കോട്ടയം ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് സീനിയർ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

2) ഹിയറിംഗ് വേളയിൽ, കടുത്തുരുത്തി വില്ലേജിൽ ബ്ലോക്ക് നമ്പർ 28-ൽ റീസർവ്വേ നം.520/7-ൽപ്പെട്ട ആർ (53 സെന്റ്) പുരയിടത്തിൽ നിന്നും വീട് പണിയുന്നതിന് വേണ്ടി ഹർജിക്കക്ഷിയുടെ പിതാവ്, 2008 കാലഘട്ടത്തിൽ മണ്ണ് എടുത്ത് മാറ്റിയിരുന്നുവെന്നും എന്നാൽ പിതാവ് മരണപ്പെട്ടതിനാൽ വീട് പണി തുടങ്ങുവാൻ സാധിച്ചിരുന്നില്ല എന്നും ടി വസ്തു ഹർജിക്കക്ഷിയുടെ പേരിലേയ്ക്ക് 2022 -ലാണ് പോക്കുവരവ് ചെയ്ത് കിട്ടുകയും പേരിൽ കിട്ടിയ പുരയിടത്തിൽ വീട് പണിയുന്നതിനുവേണ്ടി കുറച്ചുമണ്ണുകൂടി എടുത്ത് സ്ഥലം ഡെവലപ് ചെയ്യേണ്ടതുണ്ടായിരുന്നതിനാൽ ഭൂമി ലെവൽ ചെയ്ത മണ്ണ് കൂട്ടിയിട്ടിരിന്നുവെന്നും ഇപ്രകാരം മിച്ചം വന്ന കുറച്ച് മണ്ണ്, മണ്ണിന്റെ ലഭ്യത കുറവ് മൂലം നിർത്തിവച്ചിരുന്ന കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണത്തിന്റെ മണ്ണിട്ട് ഉയർത്തുന്ന പ്രവർത്തിയ്ക്കായി നൽകുന്നതിനായി പഞ്ചായത്തിലെ പ്രതിപക്ഷ നേതാക്കൾ തന്നെ ബന്ധപ്പെടുകയും, വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഒരു പൊതു കാര്യത്തിനായതിനാൽ മറ്റു പ്രശ്നങ്ങൾ ഒന്നും ഉണ്ടാവുകയില്ലെന്ന് ഉറപ്പ് തരുകയും ചെയ്തതിനാൽ, സ്ഥലം ഡെവലപ്പ് ചെയ്തപ്പോൾ മിച്ചം വന്ന കുറച്ച് മണ്ണ് ബൈപ്പാസ് നിർമ്മാണത്തിന് പ്രതിഫലം പറ്റാതെ കൊടുക്കുകയാണുണ്ടായെതെന്നും വാണിജ്യപരമായി മണ്ണ് വിറ്റിട്ടില്ലയെന്നും ആയത് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ജില്ലാ ജിയോളജിസ്റ്റിന്റെ പരാമർശം(1) നടപടിക്രമം പിൻവലിക്കണമെന്നും ഹർജിക്കക്ഷി ആവശ്യപ്പെട്ടു

3) വൈക്കം താലൂക്കിൽ കടുത്തുരുത്തി വില്ലേജിൽ വെള്ളാശ്ശേരി കരയിൽ കുറിച്യാപറമ്പിൽ ജോർജ് മകൻ ജൂബി ജോർജിന്റെ കൈവശത്തിലിരിക്കുന്നതും, ടി വില്ലേജിലെ ബ്ലോക്ക് നം.28, തണ്ടപ്പേർ നം.2831, റീസർവ്വേ നം.520/7-ൽ പെട്ടതുമായ 21.50ആർ വസ്തുവിൽ നിന്നും, ബൈപ്പാസ് നിർമ്മാണ ആവശ്യത്തിലേയ്ക്ക് മണ്ണ് നീക്കം ചെയ്തിട്ടുള്ളതും കരിങ്കല്ല് പൊട്ടിച്ചു കൂട്ടിയിട്ടിട്ടുള്ളതായും കടുത്തുരുത്തി വില്ലേജ് ആഫീസർ 03/03/2025 തീയതിയിലെ 81/2025 84/2025 നമ്പർ കത്തു പ്രകാരം ജില്ലാ ആഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം 16/08/2025 തീയതിയിൽ ജില്ലാ മിനറൽ സ്ക്വാഡ് നടത്തിയ സ്ഥലപരിശോധയിൽ ടി സ്ഥലത്തു നിന്നും 41 മീറ്റർ നീളത്തിലും 29 മീറ്റർ വീതിയിലും ശരാശരി 2.5 മീറ്റർ താഴ്ചയിലുമായി ആകെ 2972.5 ക്യൂബിക് മീറ്റർ (5945 മെട്രിക് ടൺ) സാധാരണ മണ്ണും 120 ക്യൂബിക് മീറ്റർ (300 മെട്രിക് ടൺ) കരിങ്കല്ല് പൊട്ടിച്ചു കൂട്ടിയിട്ടുട്ടുള്ളതായും ബോധ്യപ്പെട്ടിട്ടുള്ളതിനാലും ടി അനധികൃത ഖനനം സംബന്ധിച്ച് വിശദീകരണം രേഖാമൂലം ബോധിപ്പിക്കുന്നതിന് സ്ഥലമുടമായായ ശ്രീ ജൂബി ജോർജ്-ന് കാരണം നോട്ടീസ് നല്കിയിരുന്നതിൽ ടിയാൻ സമർപ്പിച്ച മറുപടി തുടർനടപടികളിൽ നിന്നും ഒഴിവാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ, അനധികൃതമായി ഖനനം ചെയ്ത 5945 മെട്രിക് ടൺ സാധാരണ മണ്ണിന് റോയൽറ്റി വില ഇനത്തിൽ (ടണ്ണിന് 10/ രൂപ നിർക്കിൽ 5 മടങ്ങ്) 5945 MT X 40 x 5 = 11,89,000/- രൂപയും 300 മെട്രിക് ടൺ കരിങ്കല്ലിന് (ടണ്ണിന് 48/- രൂപ നിരക്കിൽ 51 മടങ്ങ്) 300 MT X 48 x 5 = 72,000/- രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 1,00,000/-രൂപയും ചേർത്ത് ആകെ ₹13,61,000/- രൂപ ഒടുക്കി കുറ്റം രാജിയാക്കുന്നത് സംബന്ധിച്ച് ഹർജിക്കക്ഷിക്ക് ഡിമാന്റ് നോട്ടീസ്, അഡ്ജൂഡിക്കേഷൻ ഉത്തരവ് എന്നിവ നല്കിയിരുന്നതിനാലും PWD വകുപ്പുമായി ബന്ധപ്പെട്ട മിനി ബൈപ്പാസ് നിർമ്മാണത്തിനാണ് മണ്ണ് ഖനനം നടത്തി നീക്കം ചെയ്തുവെന്ന കക്ഷിയുടെ വാദം വില്ലേജ് ഓഫീസർ സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും കെ.എം.എം.സി ചട്ടപ്രകാരം ഏതാവശ്യത്തിനായി മണ്ണ് ഖനനം നടത്തി നീക്കം ചെയ്യണമെങ്കിലും റോയൽറ്റി ഒടുക്കി ജിയോളജി വകുപ്പിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതും കരിങ്കല്ല് ഖനനം നടത്തണമെങ്കിൽ റോയൽറ്റി ഒടുക്കി മൈനിംഗ് പെർമിറ്റ് എടുക്കേണ്ടതും ആവശ്യമായിരിക്കെ അപ്രകാരം അനുമതി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അനധികൃത ഖനനമായി മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ എന്നതിനാലും 2025-ൽ നടന്ന പ്രവൃത്തി ആയതിനാൽ മണ്ണിന്റെ നിലവിലുള്ള നിരക്കിലെ (ടണ്ണിന് 40 രൂപ നിരക്കിലെ പെനാലിറ്റി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളു എന്നും ഹർജിക്കക്ഷി അനധികൃത ഖനനം നടത്തിയിട്ടുള്ളതിനാൽ ചട്ടം 108(2) പ്രകാരം പെനാൽറ്റി ഒടുക്കുവാൻ ബാദ്ധ്യസ്ഥനായതിനാൽ

പരാമർശം (1) ഡിമാന്റ് നോട്ടീസ് നിലനിർത്തിക്കൊണ്ടും അതനുസരിച്ചുള്ള തുക അടിയന്തിരമായി ഈടാക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4) പരാമർശം (2) ഉത്തരവിനെതിരെ ഹർജിക്കക്ഷി പരാമർശം (3) പ്രകാരം രണ്ടാം അപ്പീൽ ഹർജി സമർപ്പിക്കുകയും ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 8510/2026 ഫയൽ ചെയ്യികയും ചെയ്തിരുന്നു. ബഹു. ഹൈക്കോടതി പരാമർശം (4) ലെ വിധിന്യായത്തിലൂടെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന് സ്റ്റേ അനുവദിക്കുന്നതിനും പരാതിക്കാരനെ നേരിൽകേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദേശിച്ചിരുന്നു.

5) ഹർജിക്കക്ഷി സമർപ്പിച്ച രണ്ടാം അപ്പീലിന്റെയും ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ ഹർജിയുമായി ബന്ധപ്പെട്ട് അഡീഷണൽ ചീഫ് സെക്രട്ടറി ഹിയറിംഗ് നടത്തുകയുണ്ടായി. ടി ഹിയറിംഗിൽ ഹർജിക്കക്ഷിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു. ടി ഹിയറിംഗിലും ഹർജിക്കക്ഷി തന്റെ വീടിന്റെ നിർമ്മാണാവശ്യത്തിനായി ഭൂമി ലെവൽ ചെയ്തപ്പോൾ ലഭ്യമായ മണ്ണ് പൊതുജന താത്പര്യാർത്ഥം പണം കൈപ്പറ്റാതെ നൽകിയതാണെന്നും ആയതിനാൽ പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചു. PWD വകുപ്പുമായി ബന്ധപ്പെട്ട മിനി ബൈപ്പാസ് നിർമ്മാണത്തിനാണ് ഖനനം നടത്തിയ മണ്ണ് നീക്കം ചെയ്തതെന്നും പണം കൈപ്പറ്റിയിട്ടില്ലായെന്നും ഡി.എം.ജിയിൽ നിന്നും ലഭഅയമായ റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുള്ളതിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ടി റോഡിന്റെ നിർമ്മാണാവശ്യപ്പെട്ടാണ് മണ്ണ് നീക്കം ചെയ്തതെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കക്ഷി പരാമർശം (5) പ്രകാരം ആയത് സമർപ്പിച്ചിട്ടുണ്ട്. അപ്പീലുമായി ബന്ധപ്പെട്ട് പരാമർശം (6) പ്രകാരം ഡയറക്ടർ, മൈനിംഗ് & ജിയോളേജിയും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

6) ഹർജിവിഷയം വിശദമായി പരിശോധിച്ചു. ഹർജിക്കക്ഷി നീക്കം ചെയ്ത മണ്ണ് പൊതുജനങ്ങളുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ആവശ്യപ്രകാരം പണം കൈപ്പറ്റാതെ അടിയന്തര സർക്കാർ ആവശ്യമെന്ന പരിഗണനയുള്ളതിനാൽ ദേശീയ പാത നവീകരണത്തിനായാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് റവന്യൂ അധികാരിയും പൊതുമരാമത്ത് വകുപ്പും സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പൊതുതാത്പര്യം മുൻനിർത്തി KMMC ചട്ടം 108(2) — ൽ ഇളവ് നൽകി നീക്കം ചെയ്ത മണ്ണിന് വിലയും പിഴയും ഒഴിവാക്കി റോയൽറ്റി മാത്രം ഈടാക്കുന്നതിനുള്ള പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി അതിൻ പ്രകാരം അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിക്കൊണ്ട് ശ്രീ. ജൂബി ജോർജ്.കെ , കുരിച്യാപറമ്പിൽ, കടുത്തുരുത്തി, കോട്ടയം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം WP(C) No. 8510/2026 നമ്പർ കേസിലെ 05/03/2026-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം (ആമുഖ കത്ത് സഹിതം)
ശ്രീ. ജൂബി ജോർജ് , കുരിച്യാപറമ്പിൽ, കടുത്തുരുത്തി, കോട്ടയം
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/102/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 02-06-2026 11:54:57

സെക്ഷൻ ഓഫീസർ